**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**ബുള്ളറ്റിൻ ഭാഗം - II**
**2022 ജൂലൈ 05**

**നമ്പർ : 246**

**<u>ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ നോട്ടീസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന ഗവൺമെന്റ് പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു</u>**

രാജ്യത്ത് ആദ്യമായി സാർവ്വത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ജനങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യ ഭദ്രത പ്രദാനം ചെയ്യുന്നതിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 2013 – ലെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാകുന്നതുവരെ കേരളത്തിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം നിലനിന്നിരുന്നു. കേന്ദ്ര സർക്കാറിന്റെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016 - ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി കേരളത്തിലെ ജനസംഖ്യയുടെ 43 ശതമാനത്തിനുമാത്രമാണ് നിലവിൽ റേഷന് അർഹതയുള്ളത് എന്നാണ് കേന്ദ്ര സർക്കാർ കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത് പേർ മാത്രമാണ് നിലവിൽ റേഷൻ സമ്പ്രദായത്തിന് കീഴിൽ വരുന്നത്. ഇതോടെ ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ ആനുകൂല്യത്തിന് അർഹരാകാൻ യോഗ്യതയുള്ള അര ലക്ഷത്തോളം പേർ മുൻഗണന പട്ടിക പ്രകാരമുള്ള റേഷൻ സമ്പ്രദായത്തിന് പുറത്തായിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി, കേരളത്തിലെ അർഹരായ മുഴുവൻ ജനവിഭാഗങ്ങളെയും റേഷൻ സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി മുൻഗണന കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മാർച്ച് 2023 വരെ നിർത്തലാക്കിയ ടൈഡ് ഓവർ ഗോതമ്പ് വിഹിതം, മുൻ വർഷങ്ങളിൽ നിരന്തരമായി വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം എന്നിവ പുനഃസ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

**കവിത ഉണ്ണിത്താൻ,**
**സെക്രട്ടറി - ഇൻ - ചാർജ്ജ്.**